പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1070

30.10.2019 -ലെ മറുപടിയ്ക്ക്

# തൊഴിൽ നിയമങ്ങൾ ഉറപ്പുവരുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.പി.കെ.ബഷീർ** : | ശ്രീ. ടി.പി.രാമകൃഷ്ണൻ (ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ തൊഴിൽ വകുപ്പിന് കീഴിൽ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത വിഭാഗത്തിന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) ഉണ്ട്. തൊഴിൽ വകുപ്പിലെ 14 ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. കൂടാതെ ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) തൊഴിലിടങ്ങളിൽ സ്ത്രീ തൊഴിലാളികൾക്ക് ഇരിക്കാനുള്ള അവകാശം ഉറപ്പുവരുത്തി ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഇത് പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി) 2018-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു.20.12.2018 തീയതിയിൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിലും തുടർന്നു നടത്തിയ ജില്ലാതല സ്ക്വാഡുകളിലുമായി സംസ്ഥാനമൊട്ടാകെയുള്ള 230 സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഇരിപ്പിട സൗകര്യം ഏർപ്പെടുത്താത്തതുൾപ്പെടെ കണ്ടെത്തിയ നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 02/02/2019-ൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ സംസ്ഥാനമൊട്ടാകെയുള്ള |

358 സ്ഥാപനങ്ങളിൽ പരിശോധന നടത്തി. ഇതിൽ 237 സ്ഥാപനങ്ങളിൽ ഇരിപ്പിട സൗകര്യം നൽകിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇരിപ്പിട സൗകര്യം ഏർപ്പെടുത്താത്തതായി കണ്ടെത്തിയ 121 സ്ഥാപനങ്ങൾക്ക് പ്രാഥമിക നോട്ടീസ് നൽകി തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

ജീവനക്കാർക്ക് ഇരിപ്പിടം നൽകുന്നത് തൊഴിലുടമയുടെ ഉത്തരവാദിത്തം ആണെന്ന് തൊഴിലുടമകളെ ബോധവൽക്കരിക്കുന്നതിനായി, തൊഴിൽ വകുപ്പ് ലഘുലേഖകൾ വിതരണം നടത്തിയിട്ടുണ്ട്. ജില്ലാതല സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോഴും അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ സ്ഥാപന പരിശോധനാ വേളയിലും പ്രസ്തുത നിയമ ഭേദഗതി പ്രകാരമുള്ള സൗകര്യങ്ങൾ തൊഴിലുടമ ഏർപ്പെടുത്തി നൽകുന്നുണ്ടോയെന്ന് പരിശോധിച്ചു വരുന്നുണ്ട്.

സി) ഏതെല്ലാം മേഖലകളിലാണ് മിനിമം വേതനം നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുള്ളത്; എങ്കിൽ പ്രസ്തുത മിനിമം വേതനം നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ആണെന്ന് വ്യക്തമാക്കുമോ;

സി) സംസ്ഥാനത്ത് മിനിമം വേതന നിയമം, 1948 -ന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 80 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടിക അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

ലേബർ കമ്മീഷണറേറ്റിന് കീഴിലെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. കൂടാതെ അസംഘടിത മേഖലയിൽ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേക്കുമായി വേതന സുരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ തൊഴിലാളികൾക്ക് നിശ്ചയിക്കപ്പെട്ട വേതനം അവരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതോടൊപ്പം വേജ് സ്ലിപ്പും ഓൺലൈൻ ആയി ലഭ്യമാകുന്നു.

ഇതുമൂലം തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് സ്ഥാപന പരിശോധന കൂടാതെ തന്നെ പരിശോധിക്കുന്നതിനും സാധിക്കുന്നു. ജോലിക്കിടയിലെ പ്രശ്നപരിഹാരം, പരാതി എന്നിവയ്ക്കായി തൊഴിൽ വകുപ്പിൽ പ്രവർത്തിച്ചുവരുന്ന കോൾ സെൻററുമായും ബന്ധപ്പെടാവുന്നതാണ്. സംസ്ഥാനമാകെ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ സ്ക്വാഡ്പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപന പരിശോധനകളും നടത്തി വരുന്നു.

2019 -ൽ നാളിതുവരെ 946 ക്ലെയിം പെറ്റീഷനുകൾ മിനിമം വേതന നിയമപ്രകാരം ഫയൽ ചെയ്തിട്ടുണ്ട്.

ഡി) ഇതിൽ വീഴ്ച വരുത്തിയ തൊഴിലുടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

ഡി) ഉണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

ഇ) സംസ്ഥാനത്തെ തൊഴിലിടങ്ങളിൽ തൊഴിലാളികൾക്കെതിരെ നടക്കുന്ന ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; എങ്കിൽ വ്യക്തമാക്കുമോ?

ഇ) സംസ്ഥാനമാകെ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ സ്ക്വാഡ്പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപന പരിശോധനകളും നടത്തി വരുന്നു. ജോലിക്കിടയിലെ പ്രശ്നപരിഹാരം, പരാതി എന്നിവയ്ക്കായി തൊഴിൽ വകുപ്പിൽ പ്രവർത്തിച്ചുവരുന്ന കോൾ സെന്ററുമായും ബന്ധപ്പെടാവുന്നതാണ്. കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്.

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള മേഖലകൾ

| നമ്പർ | തൊഴിൽമേഖല |
|---|---|
| 1. | എൽ.പി.ഗ്യാസ് |
| 2. | ഡ്രൈയിംഗ് ഓഫ് കോക്കനട്ട് മേക്കിംഗ് ഓഫ് കൊപ്ര |
| 3. | കുടനിർമ്മാണം |
| 4. | ലിക്വർ ട്രേഡിംഗ് ആന്റ് വെന്റിംഗ് |
| 5. | സ്ക്രീൻ പ്രിന്റിംഗ് |
| 6. | ട്രീ ക്ലൈംബിംങ് |
| 7. | മാർബിൾആന്റ് ഗ്രാനൈറ്റ് ഇൻഡസ്ട്രി |
| 8. | ടിംബർ കട്ടിംഗ് |
| 9. | ഇലക്ട്രോണിക് ഇൻഡസ്ട്രി |
| 10. | ടെലിഫിലിംആന്റ് മോഷൻ പിക്ചർ |
| 11. | ബ്രിക്സ് മാനുഫാക്ചറിംഗ് |
| 12. | പവർലൂം |
| 13. | അലുമിനിയം ആന്റ് ടിൻ പ്രോഡക്ട്സ് |
| 14. | ചാർട്ടേഡ് അക്കൗണ്ടന്റ് ആഫീസുകൾ |
| 15. | കമ്പ്യൂട്ടർ സോഫ്റ്റ് വെയർ |
| 16. | ഇലക്ട്രിക് എക്വിപ്മെന്റ്സ് ഹോം അപ്ലൈയൻസ് ആന്റ് ഓപ്പറേഷൻസ് ഓഫ് സോഫ്റ്റ് വെയർ സിസ്റ്റം |
| 17. | മെക്കനൈസ്ഡ് ഫിഷ് കാച്ചിംഗ് |
| 18. | പ്ലാസ്റ്റിക് ഇൻഡസ്ട്രി |
| 19. | പ്രൈവറ്റ് ടെംപിൾസ് |
| 20. | സോപ്പ് മാനുഫാക്ചറിംഗ് |
| 21. | ടാനറീസ് ആന്റ് ലെതർ മാനുഫാക്ചറിംഗ് |

| | |
|---|---|
| 22. | വാട്ടർബോട്ട് ട്രാൻസ്പോർട്ട് |
| 23. | കൺസ്ട്രക്ഷൻ ആന്റ് മെയിന്റനൻസ് ഓഫ് ഡാംസ് |
| 24. | ഡയമണ്ട് കട്ടിംങ് ആന്റ് പോളിഷിംഗ് |
| 25. | ഹോസിയറി മാനുഫാക്ചറിംഗ് |
| 26. | ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രി |
| 27. | പ്രൈവറ്റ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് |
| 28. | സ്റ്റാർ ഹോട്ടൽ |
| 29. | കയർ ഇൻഡസ്ട്രി |
| 30. | ബ്രുവറീസ് |
| 31. | ടോഡി ടാപ്പിംഗ്, ടോഡി വെൻഡിംഗ് |
| 32. | ബ്ളോക്ക് റബ്ബർ ഫാക്ടറീസ് |
| 33. | റൈസ്മിൽ, ഫ്ളവർമിൽ, ദാൽമിൽ |
| 34. | മൈനർ എഞ്ചിനീയറിംഗ് |
| 35. | ഗാർമെന്റ് മേക്കിംഗ് ഇൻഡസ്ട്രി |
| 36. | തീപ്പെട്ടി വ്യവസായം |
| 37. | പെട്രോൾ പമ്പ് |
| 38. | ടൈൽ ഇൻഡസ്ട്രി |
| 39. | കാഷ്യൂ ഇൻഡസ്ട്രി |
| 40. | ടിംബർ ഇൻഡസ്ട്രി |
| 41. | പ്ലൈവുഡ് ഇൻഡസ്ട്രി |
| 42. | റബ്ബർ ക്രേപ്പ്മിൽസ് |
| 43. | പ്ലാന്റേഷൻസ് |
| 44. | ഹോസ്റ്റൽസ് |
| 45. | ഐസ് ഫാക്ടറീസ് |
| 46. | കെയിൻ ആന്റ് ബാംബൂ ഇൻഡസ്ട്രി |

| | |
|---|---|
| 47. | ഗോൾഡ് ആന്റ് സിൽവർ മേക്കിംഗ് |
| 48. | ഹാൻഡ് ലിംഗ് ആന്റ് കെയർ ഓഫ് എലിഫന്റ്സ് |
| 49. | പ്രിന്റിംഗ് പ്രസസ് |
| 50. | സെയിൽസ് പ്രൊമോഷൻ ഫാർമസ്യൂട്ടിക്കൾസ് |
| 51. | മിഡ്-ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ് |
| 52. | ആയുർവേദിക്ക് ആന്റ് അലോപ്പതിക് മെഡിസിൻ |
| 53. | ഷോപ്പ് ഹോട്ടൽആന്റ് റസ്റ്റോറന്റ് |
| 54. | ഡൊമസ്റ്റിക് വർക്സ് (ഗാർഹികമേഖല) |
| 55. | ബീഡി ആന്റ് സിഗാർ ഇൻഡസ്ട്രി |
| 56. | ഫോട്ടോഗ്രാഫി ആൻഡ് വീഡിയോഗ്രാഫി |
| 57. | പേപ്പർ ഇൻഡസ്ട്രി |
| 58. | ഓയിൽമിൽ |
| 59. | മെഡിക്കൽ ഷോപ്പ് |
| 60. | അഗ്രികൾച്ചറൽ ഓപ്പറേഷൻസ് |
| 61. | ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രി |
| 62. | ലൈറ്റ് മോട്ടോർ വെഹിക്കിൾസ് |
| 63. | സെക്യൂരിറ്റി സർവ്വീസ് |
| 64. | ഫുട് വെയർ മാനുഫാക്ചറിങ്ങ് |
| 65. | ഓയിൽപാം |
| 66. | പ്രൈവറ്റ് ഹോസ്പിറ്റൽസ് |
| 67. | ഫിഷ് പീലിംഗ്, ഫിഷ് കാനിംങ്, ഫിഷ് ഫ്രീസിംഗ് ആന്റ് എക്സ്പോർട്ടിംഗ് ഓഫ് സീ ഫുട്സ് |
| 68. | ഖാദി ഇൻഡസ്ട്രീസ് |
| 69. | ഹാന്റ് ലൂം |
| 70. | ഹാന്റ് ലൂം മന്തിലി വേജ്ഡ് |

| | |
|---|---|
| 71. | ഹാന്റിക്രാഫ്റ്റ് |
| 72. | മൈനർ പോർട്ട് |
| 73. | റബ്ബർ പ്രോഡക്ട് ഇൻഡസ്ട്രീസ് |
| 74. | സിനിമാ തീയറ്ററുകൾ |
| 75. | ഫോറസ്റ്റ് |
| 76. | സ്വീപ്പിംങ് ആന്റ് ക്ലീനിംഗ് |
| 77. | ഫർണ്ണിച്ചർ ഇൻഡസ്ട്രി |
| 78. | കൺസ്ട്രക്ഷൻ ഓഫ് റോഡ്സ് ആന്റ് ബിൽഡിംഗ് ഓപ്പറേഷൻസ് |
| 79. | റിവർസാന്റ് കളക്ഷൻ & ലോഡിംഗ് |
| 80. | സ്റ്റോൺ ബ്രേക്കിംഗ് & ക്രഷിംഗ് |

Anishad

**സെക്ഷൻ ഓഫീസർ**

അനുബന്ധം II

**തൊഴിലാളികൾക്ക് മിനിമം വേതനം നൽകാത്തതിന്റെ പേരിൽ തൊഴിലുടമകൾക്കെതിരെ ക്ലെയിം പറ്റീഷൻ നടപടികൾ സ്വീകരിച്ചതിന്റെ ജില്ലതിരിച്ചുള്ള എണ്ണം.**

| | |
|---|---|
| തിരുവനന്തപുരം | 62 |
| കൊല്ലം | 72 |
| ആലപ്പുഴ | 36 |
| പത്തനംതിട്ട | 06 |
| കോട്ടയം | 86 |
| ഇടുക്കി | 14 |
| എറണാകുളം | 107 |
| തൃശ്ശൂർ | 75 |
| പാലക്കാട് | 31 |
| കോഴിക്കോട് | 86 |
| മലപ്പുറം | 47 |
| കണ്ണൂർ | 194 |
| വയനാട് | 29 |
| കാസർഗോഡ് | 101 |
| **ആകെ** | **946** |

Anisha

സെക്ഷൻ ഓഫീസർ